# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 931 — 12/06/2013 ൽ മറുപടിയ്ക്ക്

**<u>പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് വർദ്ധന</u>**

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി/ഒ.ഇ.സി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 11/01/2012 ലെ സ.ഉ(കൈ) നം.6/12/പജപവവിവ. പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകിവരുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (ബി) സ്കോളർഷിപ്പ് ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ രണ്ടര ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ വരുമാന പരിധി പരിഗണിക്കാതെ തന്നെ എല്ലാ പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. |
| സി) പ്രസ്തുത വരുമാന പരിധി ഉയർത്തുന്നതിനോ എടുത്തു കളയുന്നതിനോ നടപടി സ്വീകരിക്കുമോ ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ